പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 149 — 16-10-2026-ൽ മറുപടിയ്ക്ക്

**ലയണൽ മെസ്സിയുടെ പേരിൽ ക്രമക്കേട്**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. സി. ആർ. മഹേഷ്

ശ്രീ. കെ. പി. നൗഷാദ് അലി

ശ്രീ. കെ. പ്രവീൺ കുമാർ

ശ്രീ. സിറിയക് തോമസ്

**മറുപടി നൽകിയ മന്ത്രി**

ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** മുൻ സർക്കാരിന്റെ കാലത്ത് ലയണൽ മെസ്സിയെയും അർജന്റീന ഫുട്ബോൾ ടീമിനെയും കേരളത്തിൽ എത്തിക്കാം എന്ന് പറഞ്ഞ് നടത്തിയ കോടികളുടെ തട്ടിപ്പും ചട്ടലംഘനവും സംബന്ധിച്ച് ഉയരുന്ന ആക്ഷേപം കായിക വകുപ്പിന്റെ അന്വേഷണ റിപ്പോർട്ടിൽ ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ;

**മറുപടി:** ലയണൽ മെസ്സിയെയും അർജന്റീന ഫുട്ബോൾ ടീമിനെയും കേരളത്തിൽ എത്തിക്കാം എന്ന് പറഞ്ഞ് നടത്തിയ കോടികളുടെ സാമ്പത്തിക ഇടപാടും ചട്ടലംഘനവും സംബന്ധിച്ച് ഉയർന്നുവന്ന ആക്ഷേപം സംബന്ധിച്ച് കായിക വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അന്വേഷിക്കുകയും , അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ GO(Rt) No.2895/2026/home dated 03.09.2026 പ്രകാരം Special Investigation Team -നെ അന്വേഷണ ഏജൻസിയായി ആഭ്യന്തര വകുപ്പ് നിയോഗിക്കുകയും ചെയ്തിട്ടുണ്ട് .

**(ബി)** അർജന്റീന ടീമിനെ കേരളത്തിലേക്ക് ക്ഷണിക്കുന്നതിനായി മുൻ കായിക മന്ത്രിയും ഉദ്യോഗസ്ഥരും 2024 സെപ്റ്റംബറിൽ ഒരാഴ്ചയോളം സ്പെയിനിൽ പര്യടനം നടത്തിയിരുന്നോ; ഇക്കാലയളവിൽ ആരുമായാണ് മുൻമന്ത്രിയും സംഘവും കൂടിക്കാഴ്ച നടത്തിയതെന്ന് വിശദമാക്കുമോ;

**മറുപടി:** മുൻ കായിക വകുപ്പ് മന്ത്രി, അന്നത്തെ സ്പോർട്സ് ആൻഡ് യൂത്ത് അഫയേഴ്സ് സെക്രട്ടറി, സ്പോർട്സ് ആൻഡ് യൂത്ത് അഫയേഴ്സ് ഡയറക്ടർ എന്നിവരടങ്ങിയ ഉന്നതതല പ്രതിനിധി സംഘത്തിന്റെ സ്പെയിൻ/മാഡ്രിഡ് സന്ദർശനത്തിന് G.O.(Rt) No.3879/2024/GAD തീയതി 30.08.2024 പ്രകാരം അനുമതി നൽകിയിരുന്നു. ഈ വിഷയം അന്വേഷണ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്

**(സി)** അർജന്റീന ഫുട്ബോൾ അസോസിയേഷന് ഏകദേശം 126 കോടി രൂപ നൽകിയെന്ന സ്പോൺസർ ആയ റിപ്പോർട്ടർ ബ്രോഡ്കാസ്റ്റിംഗ് കമ്പനിയുടെ അവകാശവാദത്തെക്കുറിച്ച് അന്വേഷിച്ചിരുന്നോ; പണം അയച്ചതിന്റെ രേഖകൾ കണ്ടെത്തിയിരുന്നോ; വിശദമാക്കുമോ?

**<u>മറുപടി:</u>** സ്പോൺസറായ റിപ്പോർട്ടർ ബ്രോഡ്കാസ്റ്റിംഗ് കമ്പനി (RBC) അർജന്റീന ഫുട്ബോൾ അസോസിയേഷന് (AFA) 9 മില്യൺ യു.എസ്. ഡോളർ (ഏകദേശം 126 കോടി രൂപ) നൽകിയതായി അവകാശപ്പെടുന്നുണ്ടെങ്കിലും, ഈ പണം കൈമാറിയത് സ്ഥിരീകരിക്കുന്നതിനുള്ള ബാങ്ക് ഡെബിറ്റ് അഡ്വൈസ്, സ്വിഫ്റ്റ് (SWIFT) പകർപ്പ്, ഫോം എ2, ഫോം 15CA/15CB, ചാർട്ടേഡ് അക്കൗണ്ടന്റ് സർട്ടിഫിക്കറ്റ്, ഔദ്യോഗിക പണമടവ് രസീത് എന്നിവയൊന്നും സർക്കാരിൽ ലഭ്യമല്ല.അതിനാൽ പണം അയച്ചതിന്റെ ഔദ്യോഗിക രേഖകൾ കണ്ടെത്താനോ സ്ഥിരീകരിക്കാനോ സാധിച്ചിട്ടില്ല.ഈ വിഷയം അന്വേഷണ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**